മീരാറോഡ് വാർത്തകൾ

സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് സിറിയൻ ചർച്ച്

പരിശുദ്ധ പരുമല തിരുമേനിയുടെ ഓർമ്മപെരുന്നാൾ

ഇടവകയുടെ ഈ വർഷത്തെ പെരുന്നാൾ 2015 നവംബർ 1 മുതൽ 8 വരെ നടത്തും. കൊട്ടാരക്കര-പുനലൂർ ഭദ്രാസനാധിപൻ അഭി. ഡോ. യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്താ ചടങ്ങുകൾക്ക് മുഖ്യ കാർമ്മികത്വം വഹിക്കുമെന്ന് ഇടവക വികാരി ഫാ. ഗീവറുഗീസ് എബ്രഹാം അറിയിച്ചു.

കാര്യപരിപാടികൾ

01.11.2015 ഞായർ : പെരുന്നാൾ കൊടിയേറ്റ്

02.11.2015 മുതൽ 04.11.2015 വരെ സന്ധ്യാനമസ്കാരം

05.11.2015 : സന്ധ്യാനമസ്കാരം, ഗാനശുശ്രൂഷ, വചനശുശ്രൂഷ, ശുശ്രൂഷകൻ : റവ. ഫാ. തോമസ് കെ. ചാക്കോ (സെന്റ് ബസേലിയോസ് ഒ.എസ്.സി. സൂററ്റ്).

06.11.2015 : സന്ധ്യാനമസ്കാരം, മധ്യസ്ഥപ്രാർത്ഥന, ഗാനശുശ്രൂഷ, വചനശുശ്രൂഷ.

ശുശ്രൂഷകൻ : റവ. ഫാ. വർഗീസ് തോമസ് (സെന്റ് ബസേലിയോസ് ഒ.എസ്.സി. കലീന)

07.11.2015 : ഭക്തിനിർഭരമായ റാസയും ശ്ലൈഹിക വാഴ്വും.

08.11.2015 : വിശുദ്ധ കുർബ്ബാന, നേർച്ച വിളമ്പ്, ന്യൂസ്‌ലെറ്റർ പ്രകാശനം.

ഈ വർഷത്തെ പെരുന്നാൾ കൺവീനറായി ശ്രീ Z.M. സക്കറിയയെ തെരഞ്ഞെടുത്തു.

മീരാഭയന്തറിലെ സ്വപ്ന പദ്ധതികൾ

മീരാഭയന്തറിൽ പുതിയ കുടിവെള്ള പദ്ധതി ഉൾപ്പെടെയുള്ള നാല് പദ്ധതികളുടെ ഉദ്ഘാടനം മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ് നിർവഹിച്ചു.

മേഖലയിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണുന്ന 75 മില്യൺ എം.എൽ.ഡി. കുടിവെള്ള പദ്ധതിയുടെ നിർമ്മാണ ഉദ്ഘാടനമാണ് ഇതിൽ പ്രധാനം. നഗരസഭ ബസ്സ് സർവ്വീസിന്റെ ഉദ്ഘാടനവും, ബഹുനില പാർക്കിംഗ് പ്ലാസയുടെ നിർമ്മാണ ഉദ്ഘാടനവും ഇതിനോടൊപ്പം മുഖ്യമന്ത്രി നിർവഹിച്ചു. നഗരസഭ മന്ദിരത്തിന്റെ നിർമ്മാണ ഉദ്ഘാടനം എസ്.കെ. സ്റ്റോണിനു സമീപം നടന്നു.

1997-ൽ അന്നത്തെ മുഖ്യമന്ത്രി മനോഹർ ജോഷി തറക്കല്ലിട്ട് 2002-ൽ പ്രവർത്തനം തുടങ്ങിയ 50 എം.എൽ.ഡി. കുടിവെള്ള പദ്ധതിയാണ് ഇപ്പോഴുള്ളത്.

പുതിയ പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്നതോടൊപ്പം ബൂസ്റ്റർ പമ്പുകളും, ജലസംഭരണികളും, 288 കോടി ചിലവിൽ അഞ്ചു ഘട്ടങ്ങളിലായി നടപ്പാക്കുന്ന പുതിയ പദ്ധതിയുടെ ഭാഗമാണ്.

എയ്മ (AIMA) മീറ്റിംഗ്

എയ്മ (ഓൾ ഇന്ത്യ മലയാളി അസ്സോസിയേഷൻ), മഹാരാഷ്ട്ര യൂണിറ്റിന്റെ മീറ്റിംഗ് 2015 ആഗസ്റ്റ് 22 ശനിയാഴ്ച മീരാറോഡ് മലയാളി സമാജം ഓഫീസിൽവച്ച് നടത്തപ്പെട്ടു. ഭാവി പരിപാടികളുടെ ചർച്ച നടന്നു. ജനറൽ സെക്രട്ടറി ശ്രീ ശ്രീകുമാർ മീറ്റിംഗിൽ സന്നിഹിതനായിരുന്നു.

വാർത്തകൾ

സർക്കാർ ഭൂമി വില്ക്കുന്നു

മഹാരാഷ്ട്ര സർക്കാർ ഭൂമി വില്ക്കുന്നു. അധികമായ കടബാധ്യതയിൽനിന്നും രക്ഷപെടുവാനായിട്ടാണ് ഈ തീരുമാനം കൈക്കൊണ്ടത്.

കൽബുർഗ്ഗി

പ്രസിദ്ധ കന്നഡ സാഹിത്യകാരനായ എം.എം. കൽബുർഗ്ഗിയുടെ കൊലപാതകത്തിലും ദാദ്രസംഭവത്തിലും പ്രതിഷേധിച്ച് പല സാഹിത്യകാരന്മാരും തങ്ങൾക്ക് ലഭിച്ച കേന്ദ്രസാഹിത്യ പുരസ്കാരങ്ങൾ തിരികെ നൽകി. ഇത്തരം സാഹചര്യമുളവാക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സാഹിത്യ അക്കാദമി യോഗം ചേരുന്നു. കൽബുർഗിയുടെ കൊലപാതകത്തെ അക്കാദമി അപലപിച്ചു.

വഴിവാണിഭം

മുംബൈയിൽ വഴിവാണിഭക്കാർക്ക് രാത്രികാല അനുവദിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. എവിടെയൊക്കെയാവും രാത്രികാല എന്ന കാര്യത്തിൽ തീരുമാനം എടുത്തിട്ടില്ല.

കേരളപ്പിറവി വജ്രജൂബിലി

ചെമ്പൂർ ആദർശ വിദ്യാലയത്തിൽ കേരളപ്പിറവിയുടെ വജ്രജൂബിലി ആഘോഷങ്ങൾ നടന്നു. എഴുത്തുകാരൻ സേതുവും, പ്രകാശ് കാരാട്ടും പങ്കെടുത്തു. കേരള പീപ്പിൾസ് എഡ്യൂക്കേഷൻ സൊസൈറ്റിയാണ് ഒരു വർഷം നീളുന്ന പരിപാടികൾ സംഘടിപ്പിക്കുന്നത്.

ഹരിയാനയിൽ നാലംഗ ദളിത് കുടുംബത്തെ കത്തിച്ചു.

ഫരീദാബാദിലെ പ്രത്യേകമേഖലയിലാണ് ജാതിസംഘർഷത്തെ തുടർന്ന് ഈ ക്രൂരത അരങ്ങേറിയത്. സംഭവത്തിൽ 2 കുട്ടികൾ വെന്തു മരിച്ചു.

വീരേന്ദർ സെവാഗ്

ഇന്ത്യയുടെ അതിവേഗ ബാറ്റ്സ്മാനായിരുന്ന വീരേന്ദർ സെവാഗ് അന്താരാഷ്ട്ര ക്രിക്കറ്റിൽനിന്നും വിരമിച്ചു. ഇദ്ദേഹം ടെസ്റ്റ് ക്രിക്കറ്റിൽ രണ്ട് തവണ ട്രിപ്പിൾ സെഞ്ച്വറി നേടിയിട്ടുണ്ട്.

സാഹിർഖാൻ

ഇന്ത്യയുടെ പേസ് ബൗളിങ്ങിന്റെ ചുക്കാൻ പിടിച്ച സാഹിർഖാൻ ക്രിക്കറ്റിൽനിന്നും വിരമിച്ചു. 91 ടെസ്റ്റിൽനിന്നും 311 വിക്കറ്റും 200 വൺഡേ മാച്ചുകളിൽനിന്ന് 282 വിക്കറ്റുകളും നേടിയിട്ടുണ്ട്.

ഇ-കാറ്ററിംഗ്

യാത്രക്കാർക്ക് സ്റ്റേഷനുകളിൽ ഭക്ഷണം എത്തിച്ചു കൊടുക്കുന്ന ഇ-കാറ്ററിംഗ് പരീക്ഷണ അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ റെയിൽവെ ആലോചിക്കുന്നു. സ്റ്റേഷനുകളിലാവും ഭക്ഷണം നൽകുക.

ഭരണഘടനാദിനം

നവംബർ 26 ഭരണഘടനാദിനമായി പ്രഖ്യാപിക്കുമെന്ന് പ്രധാനമന്ത്രി മുംബൈയിൽ പ്രഖ്യാപിച്ചു. ഡോ. ബാബാ സാഹെബ് അംബേദ്കർ സ്മാരകത്തിന്റെ ശിലാസ്ഥാപന സമയത്താണ് ഈ പ്രഖ്യാപനം. ദഹിസർ മെട്രോ, ജവഹർലാൽ പോർട്ട്ട്രസ്റ്റിന്റെ പുതിയ ടെർമിനൽ ശിലാസ്ഥാപനം എന്നിവയായിരുന്നു പ്രധാനമന്ത്രിയുടെ മറ്റു പരിപാടികൾ.

വിമാനദുരന്തം

റഷ്യൻ വിമാനം ഈജിപ്തിൽ തകർന്നു വീണു 224 പേർ കൊല്ലപ്പെട്ടു. വിമാനത്തിന്റെ വീഴ്ചയ്ക്ക് തങ്ങളാണുത്തരവാദികളെന്ന് ഈജിപ്തിലെ ഐ.എസ്. ഭീകരർ അവകാശപ്പെടുന്നു.

നോബേൽ സമ്മാനം

സമാധാനത്തിനുള്ള നോബേൽ സമ്മാനം ടുണീഷ്യൻ നാഷണൽ ഡയലോഗ് ക്വാർട്ടറ്റിന് നൽകും.

പൂഴ്ത്തിവെയ്പ്

രാജ്യത്ത് പരിപ്പിനും പയറു വർഗ്ഗങ്ങൾക്കും വില കുതിച്ചുയരുന്നു. ഇതിനു കാരണം പൂഴ്ത്തിവെയ്പ്പും കൃത്രിമ വിലക്കയറ്റവുമാണ്. കർശന നടപടികൾ സ്വീകരിക്കുമെന്ന് സിവിൽ സപ്ലൈസ് മന്ത്രി പറഞ്ഞു.

യുദ്ധവിമാനങ്ങൾ പറത്താൻ വനിതകൾ

83-ാം വ്യോമ ദിനാചരണത്തിൽവെച്ച് വ്യോമസേനാ മേധാവിയാണ് ഇനിമുതൽ യുദ്ധവിമാനങ്ങൾ പറത്താൻ വനിതാപൈലറ്റുമാർക്കും അവസരം നൽകുമെന്ന് പ്രഖ്യാപിച്ചത്. ഇപ്പോൾ ഹെലികോപ്ടറുകളും മറ്റു വിമാനങ്ങളും വനിതകൾ പറത്തുന്നുണ്ട്.

സാഹിത്യക്വിസ്

– എം.എസ്. ജയചന്ദ്രൻ

1. ഏറ്റവും പ്രാചീനമായ മലയാള കൃതിയുടെ പേരെന്ത് ?
2. ഗദ്യവും പദ്യവും ഇടകലർത്തിയെഴുതുന്ന സാഹിത്യപ്രസ്ഥാനത്തിന്റെ പേരെന്ത് ?
3. മലയാള ലിപിയിൽ ആദ്യം അച്ചടിച്ച ഗ്രന്ഥം ഏത് ?
4. 'കേരളവ്യാസൻ' എന്ന പേരിൽ അറിയപ്പെടുന്ന കവി ഏത് ?
5. മലയാളത്തിലെ ആദ്യത്തെ സന്ദേശകാവ്യം ?
6. 'മലയാള ശാകുന്തളം' എന്ന പേരിൽ പ്രസിദ്ധമായ കൃതി ?
7. മലയാളത്തിലെ ആദ്യ ചെറുകഥ ?
8. മലയാളത്തിലെ ഒന്നാമത്തെ ആനുകാലിക പ്രസിദ്ധീകരണം ?
9. 'കേരളഗാന്ധി' എന്നറിയപ്പെടുന്നത് ?
10. കേരളീയ സസ്യങ്ങളെക്കുറിച്ച് പറഞ്ഞിട്ടുള്ള 'ഹോർത്തൂസ് മലബാറിക്കസ്' (കേരളാരാമം) എഴുതിയത് ആര് ?
11. ലക്ഷണമൊത്ത ആദ്യ ഖണ്ഡകാവ്യം ?
12. മലയാളത്തിലെ ആദ്യത്തെ നോവൽ ?
13. അതിരാണിപ്പാടത്തിന്റെ കഥ പറയുന്ന പ്രസിദ്ധ കൃതി രചിച്ചതാര് ?
14. 'കേരള വാത്മീകി' എന്ന് അറിയപ്പെടുന്നത് ?
15. പ്രസിദ്ധ കവി ബോധേശ്വരന്റെ പുത്രി ഇന്ന് മലയാള സാഹിത്യത്തിൽ ചിരപ്രതിഷ്ഠ നേടിയ കവയിത്രിയാണ്. ആരാണിവർ?
16. മഹാകവി ഉള്ളൂരിന്റെ 'കർണ്ണഭൂഷണം' എന്ന കൃതി ഏത് പ്രസ്ഥാനത്തിൽ ഉൾപ്പെടുന്നു ?
17. വിപ്ലവത്തിന്റെ ശുക്രനക്ഷത്രം എന്ന് പ്രൊ. ജോസഫ് മുണ്ടശ്ശേരി കവിത്രയത്തിലെ ഏത് മലയാള കവിയെയാണ് വിശേഷിപ്പിച്ചത് ?
18. 'കേസരി' എന്ന് അറിയപ്പെടുന്ന കഥാകൃത്ത് ?
19. 'ലന്തൻ ബത്തേരിയിലെ ലുത്തിനിയകൾ' ആരുടെ കൃതിയാണ്?
20. ലളിതാംബിക അന്തർജ്ജനത്തിന്റെ ആത്മകഥ ?

ഉത്തരങ്ങൾ:

1. രാമചരിതം
2. ചമ്പുക്കൾ
3. സംക്ഷേപവേദാർത്ഥം
4. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ
5. ഉണ്ണുനീലി സന്ദേശം
6. നളചരിതം ആട്ടക്കഥ
7. വാസനാവികൃതി
8. രാജ്യസമാചാരം
9. കെ. കേളപ്പൻ
10. ഡച്ചുകാരനായ ഹെന്റിക് വാൻറീഡ്
11. വീണപൂവ്
12. കുന്ദലത
13. എസ്. കെ. പൊറ്റക്കാട്
14. വള്ളത്തോൾ നാരായണമേനോൻ
15. സുഗതകുമാരി
16. ഖണ്ഡകാവ്യപ്രസ്ഥാനം
17. കുമാരനാശാൻ
18. വേങ്ങയിൽ കുഞ്ഞിരാമൻ നായർ
19. എൻ.എസ്. മാധവൻ
20. ആത്മകഥയ്ക്കൊരു ആമുഖം

ചെറുകഥ

മരണത്തിനുള്ള കാത്തിരിപ്പ്

– ശ്രീകലാ മോഹൻ

ഒരു വൃദ്ധസദനത്തിൽ പോയപ്പോൾ ഉണ്ടായ ചില ഓർമ്മകൾ ഞാൻ ഇവിടെ എഴുതുന്നു. കടമകൾ പൂർണ്ണമായി നിറവേറ്റാൻ പറ്റാതെ 3 വർഷം മുമ്പ് കൊഴിഞ്ഞുപോയ എന്റെ സഹോദരന്റെ ചരമ വാർഷികദിവസം വൃദ്ധസദനത്തിലെ അമ്മമാർക്കും അച്ഛൻമാർക്കും ആഹാരം കൊടുത്തുകൊണ്ടാണ് ഓർത്തിരുന്നത്. രണ്ടാം വർഷത്തിൽ ഞാൻ അവിടെ പോയി. അവിടെയുള്ള അച്ഛനമ്മമാർ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിച്ചു. കൂടാതെ അവരുടെ കൂടെ ആഹാരം കഴിച്ചു തിരിച്ചുപോന്നു.

മൂന്നു നില കെട്ടിടത്തിന്റെ ഗേറ്റ് കടന്ന് മുറ്റത്തേക്ക് എത്തിയപ്പോൾ ഒരു വല്ലാത്ത മൂകത എനിക്കനുഭവപ്പെട്ടിരുന്നു. കാത്തിരിപ്പിന്റെ നോവാണ് അവിടെയെന്നു ഞാൻ ഓർത്തു. പ്രായം വർദ്ധിച്ചതുകൊണ്ട് അവർ സമൂഹത്തിലെ വ്യക്തിയല്ലാതാവുന്നില്ല. താൻ പിന്നിട്ട വഴികളിൽ നിന്ന് അറിവും അനുഭവവും ഉൾക്കൊണ്ടവരാണ് വൃദ്ധർ, ഒരു കാലത്ത് താങ്ങും തണലുമായിരുന്നവർ. ഓരോ ചുവട് വെയ്ക്കുമ്പോഴും മനസ്സ് പലതും ചിന്തിച്ചുകൊണ്ടിരിക്കുകയായിരുന്നു. ആൾക്കൂട്ടത്തിൽ തനിയെയാവുന്ന അവസ്ഥ. തുല്യദുഃഖിതരുടെ ഒത്തുചേരൽ.

രണ്ടാം നിലയിലും, മൂന്നാം നിലയിലും 34 അമ്മമാരെയും 17 അച്ഛൻമാരെയും താമസിപ്പിച്ചിരിക്കുന്നു. സ്വാതന്ത്ര്യം കുറഞ്ഞ നിയമങ്ങളുണ്ടിവിടെ. എല്ലാവരും ഏകദേശം [illegible] ഇടയിൽ പ്രായം തോന്നും. അതിൽ പലരും എന്നെങ്കിലും മക്കൾ സ്നേഹം തിരിച്ചറിയുമെന്ന പ്രതീക്ഷയിലാണ്. അച്ഛന്മാരുടെ കണ്ണുകളിൽ അവരുടെ ദൈന്യത നമുക്ക് വായിച്ചെടുക്കാൻ സാധിക്കും. അവരൊക്കെ അധികംപേരും മൂകരായി അവിടെയിവിടെ ഇരുന്നിട്ടുണ്ടായിരുന്നു. കയറില്ലാതെ കെട്ടിയിട്ട അവസ്ഥ.

ചില അമ്മമാരുടെ മുറികളിൽ ഞാൻ കയറിയിറങ്ങി. ചെറിയ ഒരു മുറി, രണ്ടു കട്ടിലുകൾ ഇട്ടിരിക്കുന്നു. അതിനോട് ചേർന്നു ഒരു കുളിമുറിയും. സത്യത്തിൽ ഒരു ജയിലിന്റെ പ്രതീതി തന്നെയാണ് എനിക്ക് തോന്നിയത്. കൃത്യസമയത്ത് ആഹാരം കിട്ടും. കിടപ്പിലായവർക്ക് മുറിയിൽ എത്തിച്ചുകൊടുക്കും. അമ്മമാരുടെ ഓരോ പ്രവൃത്തിയും യാന്ത്രികമായി തോന്നി. ഒന്നും സംസാരിക്കാനവർക്കില്ല.

ഒരു കാലത്ത് ഒരു കുടുംബത്തിന്റെ നെടുംതൂണായി മക്കളെയും പേരക്കുട്ടികളെയും വളർത്തി വലുതാക്കിയവർ. ഒരു തരി സഹായത്തിനു കൈനീട്ടുമ്പോൾ ആ കൈ തട്ടിമാറ്റപ്പെടുന്നു. ഞാൻ അവിടെ കിടന്നിരുന്ന അമ്മയുടെ അടുത്തേക്ക് പോയി. എന്ത് സംസാരിക്കണമെന്ന് ചിന്തിച്ചു പോയി. അങ്ങനെയുള്ള അന്തരീക്ഷമല്ലായിരുന്നു അവിടെ. വെറുതെ സംസാരിക്കാൻ വേണ്ടി ആ അമ്മയോട് ചോദിച്ചു സുഖമാണോ അമ്മേയെന്ന്. അമ്മ നൽകിയ മറുപടി ഒരുപോലെ എന്നിലേക്ക് ആഴ്ന്നിറങ്ങിയ പ്രതീതിയാണ് തോന്നിയത്. അമ്മ പറഞ്ഞത് ഇങ്ങനെ – 'മരണം കാത്തു കിടക്കുന്നു – കാലനും വേണ്ടെന്ന്' എന്നു പറഞ്ഞു തിരിഞ്ഞു കിടക്കുകയാണ് ചെയ്തത്. കൊല്ലത്തിൽ നിന്നും മാളൂട്ടിയമ്മ സ്വന്തം നാട്ടിൽ നിന്നും വളരെ ദൂരെ വന്നു താമസിക്കുന്നു. അവർ പറഞ്ഞതിങ്ങനെ: അമ്മയ്ക്ക് ഭർത്താവും ഒരു മകളും ഉണ്ട്. മകൾ കുടുംബസമേതം വിദേശത്ത് താമസിക്കുന്നു. രണ്ടുപേർക്കും പരസഹായം ആവശ്യമായി വന്നപ്പോൾ തമ്മിൽ പിരിഞ്ഞു. ഭർത്താവിനെ വീട്ടുകാർ നോക്കുന്നു. അമ്മയെ വൃദ്ധസദനത്തിലാക്കി. ആദ്യമൊക്കെ കാണാൻ വരുമായിരുന്നത്രേ. ഇപ്പോൾ യാത്രബുദ്ധിമുട്ടായതു കാരണം വരാറില്ല. അതു പറഞ്ഞ് അവർ കണ്ണീർ തുടയ്ക്കുന്നുണ്ടായിരുന്നു. ജീവിത സായാഹ്നത്തിൽ പിരിയുവാൻ തീരുമാനിച്ച ഹതഭാഗ്യർ.

ഇതിനെക്കാൾ ക്രൂരമായ ഒറ്റപ്പെടൽ വേറെയേതുണ്ട്. കയ്പ്പുള്ള യാഥാർത്ഥ്യം സ്വയം അംഗീകരിച്ചുകൊണ്ടാണ് എല്ലാവരുമെത്തുന്നത്. എന്നാൽ തിരിച്ചു കൊണ്ടുപോകുമെന്ന പ്രതീക്ഷയും അവരുടെ വാക്കുകളിലുണ്ട്. അമ്മയുടെ അനുഭവം ഇങ്ങനെ. അമ്മയുടെ 40-ാം വയസ്സിൽ ഭർത്താവ് മരിച്ചപ്പോൾ ഒരു വീടിന്റെ ഭാരം ചുമലിലേറ്റേണ്ടിവന്നു. പിന്നെ ഇടം വലം നോക്കാതെയുള്ള ഓട്ടമായിരുന്നു. നടുനിവർന്നു നിൽക്കുമ്പോഴേക്കും ഞാൻ ഇവിടെ എത്തി. കല്യാണം കഴിച്ചിട്ടില്ലാത്ത അമ്മ പ്രായമായപ്പോൾ സഹോദരങ്ങൾ സ്വത്തിനുവേണ്ടി വഴക്കായി. അപ്പോൾ എല്ലാം വിറ്റു പെറുക്കി ഇവിടെ ഓടിയെത്തുകയായിരുന്നു.

ഇങ്ങനെ, അവിടെ എല്ലാവർക്കും ഉണ്ട് ദുഃഖത്തിന്റെ കഥ പറയാൻ. പുറത്തുള്ളവർക്ക് അധികം തങ്ങാൻ അനുവാദമില്ല. അതുകൊണ്ട് ഞാൻ മനസ്സിൽ ഭാരവും പേറി അവിടെ നിന്നു തിരിഞ്ഞു നടന്നു.

അണുകുടുംബത്തിൽ മുത്തച്ഛനും മുത്തശ്ശിക്കും ഒട്ടും സ്ഥാനം നൽകുന്നില്ല. ചോരയും നീരും നൽകി വളർത്തുന്ന മക്കളിൽ നിന്നു കിട്ടുന്ന തിരിച്ചടി വളരെ വലുതാണ്. ബാല്യം ഓർത്തെടുക്കുവാൻ പറ്റിയില്ലെങ്കിലും വരാനിരിക്കുന്ന വാർദ്ധക്യത്തെ പുതുതലമുറ ഓർത്തേ പറ്റൂ.